**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 909** | **26-07-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതി ദുരന്തങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങളിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീടു നഷ്ടപ്പെട്ടപ്പെട്ടവരെയും, കൃഷി നാശം സംഭവിച്ചവരെയും സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ ടൗട്ടെ ചുഴലിക്കാറ്റാണ് പ്രധാനമായും ഉണ്ടായ ദുരന്തം. ഇതുമായി ബന്ധപ്പെട്ട് 11 മരണങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 22 പേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്തു. 4392 വളർത്തു മൃഗങ്ങൾ നഷ്ടമായി. 29മത്സ്യബന്ധന ബോട്ടുകൾ പൂർണ്ണമായും 96 മത്സ്യബന്ധന ബോട്ടുകൾ ഭാഗീകമായും നശിച്ചു. 235 മത്സ്യ ബന്ധനവലകൾ പൂർണ്ണമായും 47 എണ്ണത്തിന് ഭാഗികമായും കേടുപാടുകൾ സംഭവിച്ചു 261 വീടുകൾ പൂർണ്ണമായും നശിക്കുകയും 4776 വീടുകൾ ഭാഗികമായി നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. റോഡ്, വൈദ്യുതി പോസ്റ്റുകൾ, ട്രാൻഫോർമറുകൾ കുടിവെള്ള ശൃംഖല തുടങ്ങി അടിസ്ഥാന സൗകര്യങ്ങളിൽ 9,306.41 ലക്ഷം രൂപയുടെ നാശനഷ്ടവും കണക്കാക്കിയിട്ടുണ്ട്. 24433 ഹെക്ടർ സ്ഥലത്തെ കൃഷിക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട് . |
| (ബി) | ഇവമൂലം സംസ്ഥാനത്തുണ്ടായ സാമ്പത്തിക ബാദ്ധ്യത എത്രയെന്നും എത്ര രൂപ കേന്ദ്ര സഹായം അഭ്യർത്ഥിച്ചുവെന്നും എത്ര രൂപ ലഭ്യമായി എന്നും വ്യക്തമാക്കുമോ; | (ബി) | 144.6504 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ആവശ്യമായ തുക ലഭ്യമായിട്ടുള്ളതിനാൽ ആയതിൽ നിന്ന് ചിലവാക്കാവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട് . |
| (സി) | പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകിയെന്നും എത്ര പേർക്ക് വീട് വച്ചു നൽകിയെന്നും മറ്റ് സഹായങ്ങൾ എന്തൊക്കെ നൽകിയെന്നും വ്യക്തമാക്കുമോ; | (സി) | 20.05.2015-ലെ സ.ഉ(കൈ)നം. 194/2015/ ഡിഎംഡി ഉത്തരവിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം ടൗട്ടെ ചുഴലിക്കാറ്റിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റവർക്ക് അർഹത പരിശോധിച്ച് അനുവദനീയമായ തുകയും അനുവദിക്കാൻ ജില്ലാകളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ |

| | | | |
|---|---|---|---|
| | | | പ്രകൃതിക്ഷോഭത്തിൽ വീട്ടുകൾക്കും കൃഷികൾക്കു മുണ്ടായ നാശനഷ്ടം 20.05.2015 ലെ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കി ആയത് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ചുഴലിക്കാറ്റിനെ തുടർന്ന് മത്സ്യബന്ധനത്തിന് പോകാൻ സാധ്യമല്ലാത്തതിനാലും രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ആകെ 18,36,48,000/- രൂപ (പതിനെട്ട് കോടി മുപ്പത്താറ് ലക്ഷത്തി നാൽപ്പത്തെണ്ണായിരം രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചു. സംസ്ഥാനത്തെ ലോക്ക് ഡൗണും ചുഴലിക്കാറ്റും കാരണം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ച് സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രകൃതി ക്ഷോഭത്തിനു വിധേയമായ തുടർ പുനർനിർമ്മാണത്തിന് എത്ര തുക വേണ്ടി വരുമെന്ന് സർക്കാർ വിലയിരുത്തിയോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 144.6504 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ